6001
27/6/14

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-7.8.2013 ലെ സ.ഉ(പി)63/13/സാ.നീ.വ നമ്പർ ഉത്തരവിലെ ലിസ്റ്റിൽ പുനർ/റഗുലർ നിയമനത്തിന് പരിഗണിച്ച ശ്രീ.ഇ.എം.ഗണേശനെ ടി ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(എം.എസ്)നം.54/14/സാ.നീതി.വ തിരുവനന്തപുരം, തീയതി 23.6.2014

പരാമർശം- 1. 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ നമ്പർ ഉത്തരവ്
2. 7.8.2013 ലെ സ.ഉ(പി) 63/13/സാ.നീ.വ നമ്പർ ഉത്തരവ്
3. 22.5.2014 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ H4-11619/14 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 16.8.99 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി കെ.എസ്& എസ്.എസ്.ആർ ഭാഗം II, ചട്ടം 9(എ) (i) പ്രകാരം നിയമിക്കപ്പെടുകയും 179 ദിവസം സേവനം പൂർത്തിയാക്കിയ ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചും ടി ജീവനക്കാർ സർവ്വീസിൽ നിന്നും പെൻഷൻ ആയി പിരിഞ്ഞു പോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാവുന്ന തരത്തിൽ ടി ഉദ്യോഗാർത്ഥികൾക്ക് ജനറൽ റൂൾസ് ചട്ടം 39 നൽകുന്ന അധികാരം ഉപയോഗിച്ച് സർവ്വീസിൽ പുനർ/റഗുലർ നിയമനം നൽകി ഉത്തരവായിരുന്നു.

2. പരാമർശം 2 ലെ ഉത്തരവു പ്രകാരം ശ്രീ.ഇ.എം.ഗണേശനെ കോഴിക്കോട് ജില്ലയിലെ ലിസ്റ്റിൽ ക്രമ നം.180 ആയി ജലവിഭവ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ സബ് ഡിവിഷൻ കാര്യാലയത്തിൽ ക്ലീനർ തസ്തികയിൽ പുനർ/റഗുലർ നിയമനത്തിനായി ഉൾപ്പെടുത്തി.

3. ശ്രീ.ഗണേശൻ.ഇ.എം ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക സേവനം അനുഷ്ഠിച്ചതിനാൽ സ്ഥിരനിയമനത്തിന് അർഹനല്ലെന്നും അതിനാൽ ടിയാനെ പരാമർശം 2 ലെ ഉത്തരവിലെ ലിസ്റ്റിൽ നിന്നും ഒഴിവാക്കണമെന്നും പരാമർശം 3 പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഗണേശൻ.ഇ.എം കെ.എസ്& എസ്.എസ്.ആർ ഭാഗം II, ചട്ടം 9(എ) (i) പ്രകാരം നിയമിക്കപ്പെടാത്തതിനാൽ ടിയാനെ പരാമർശം 2 ലെ ഉത്തരവിലെ ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
സുതാര്യകേരളം(11007/CMPGRC3/SK/14/GAD dated 29.1.2014)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ